# സ്പന്ദനം 2020



*കേരള ഗവൺമെന്റിന്റെ പൊതുവിദ്യാഭ്യാസ*

*സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ*

*വെച്ച ആരംഭിച്ച 'little kite'*

*അഭിനന്ദനാറ്ഹമാണ്*

*ശാസത്രസാങ്കേതിക വിദ്യായുടെ പുതിയ*

*മേഖലകളിലേയ്ക്ക് നമ്മുടെ നവമുകുളങ്ങളെ*

*നയിക്കുന്ന "little kite" ഡിജിറ്റൽ*

*മാസികയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.....*

*Usha kumari.S*

*Head Mistess*

# *N S S H S S VAIPUR*



# ***INDEX***


1. ഉപന്യാസം

2. ആനയിടഞ്ഞ

3. പ്രഭാതം

4. കണ്ടനും കിണ്ടനും

5. ചെമ്പനും കൊമ്പനും

6. എന്റെ മലയാളം

7. കലോത്സവം

8. പുവ്


# ഉപന്യാസം

# കേരളീയ സമൂഹവും ധൂർത്തും

കേരളീയ സമൂഹം ഇപ്പോൾ അകപ്പെട്ടിരിക്കുന്ന തടവറയാണ് ആർഭാടം.അത് ആവശ്യത്തിൽ കവിയുമ്പോഴാണ് ധൂർത്തായി മാറുന്നത്.ധൂർത്ത് എന്നത്  മനുഷ്യനെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു.  ഉള്ളവനെപ്പോലെ ഇല്ലാത്തവൻ ആകാൻ ശ്രമിക്കുമ്പോഴാണ് അതവനെ കടക്കെണിയിലേക്കും അത് മുഖേന ആത്മഹത്യയിലേക്കും ചെന്ന് എത്തിക്കുന്നത്. ആവശ്യങ്ങൾക്കും അനാവശ്യങ്ങൾക്കും വേണ്ടി പണം ധൂർത്തടിക്കുന്ന കേരളീയ സമൂഹത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. തലമുറകളെപ്പോലും അത് തകർക്കുന്നു.



DHUVAN K



BIJU LAL

# പാപ്പാ പാപ്പാ....

പാപ്പാ പാപ്പാ അപ്പൂപ്പാ

വാ, വാ... വികൃതിപ്പിള്ളേളരേ ,

വേഗം വന്നോ, നാട്ടാരേ ,

# ആനയിടഞ്ഞേ!

അമ്പലമുറ്റത്താന നിരന്നു

കൊമ്പു കുഴൽ വിളി നാദമുയർന്നു

കൊമ്പും കുഴലും കേട്ടൊരു നേരം

വമ്പൻ കൊമ്പനൊരുത്തനിഞ്ഞു

തുമ്പിക്കൈയുമുയർത്ത കൊമ്പൻ

കൊമ്പു കുലുക്കീട്ടോടിനടന്നു

അമ്പലമുറ്റത്തുള്ളവരെല്ലാം

അതുനോക്കിയപ്പോൾ പമ്പകടന്നു!



JEFIN

# പ്രഭാതം

കിളികൾ കളകളഗാനം പാടി

കുളിർ കോരുന്ന പ്രഭാതം!

മലർനിരയെങ്ങും നർത്തനമാടി

മിഴിവേകുന്ന പ്രഭാതം!

മലരുകൾ തഴുകി മാരുതനോടി

മണമേകുന്ന പ്രഭാതം!

കരളിൽ കവികൾ മൂളും തുമ്പികൾ

കളിയാടുന്ന പ്രഭാതം!

കതിരോൻ കനകക്കതിരുകളാലേ

ചിരി ളുകുന്ന പ്രഭാതം!

പ്രസാദ ഭാവത്തിരമാലകളാൽ

ഉണർവ്വേകുന്നു പ്രഭാതം!



AJIN P MURALI

# കണ്ടനും കിണ്ടനും

വണ്ടന്നൂരുണ്ടൊരു കിണ്ടൻ പൂച്ച

കുണ്ടന്നൂരുണ്ടൊരു കണ്ടൻ പൂച്ച

രണ്ടാളുമൊന്നിച്ചു കണ്ടുമുട്ടി

ശുണ്ഠി പിടിച്ചു കടിപിടിയായി

കണ്ടന്റെ മണ്ടയ്ക്ക് രണ്ടു തോണ്ടി

കിണ്ടച്ചാർ മുന്നിൽ മുരണ്ടു നിന്നു

കണ്ടനോ കിണ്ടന്റെ മണ്ട നോക്കി


ചെണ്ടകൊട്ടും പോലെ രണ്ടുകൊട്ടി



NEHA S NAIR

# ചെമ്പനും കൊമ്പനും

വമ്പുള്ള കൊമ്പന്റെ
തുമ്പിക്കൈത്തുമ്പത്ത്
ചെമ്പനുറുമ്പ്
കയറിയെത്തി
ചെമ്പനുറുമ്പു
കടിച്ചൊരു നേരത്ത്
വമ്പനാം കൊമ്പനൊന്നാഞ്ഞ തുമ്മി.
പമ്പ കടന്നു
പറന്നോരുറുമ്പൊരു
ചെമ്പകക്കൊമ്പിൻെറ
തുമ്പിലെത്തി!



FAVAS V SUBAIR

# എന്റെ മലയാളം

*എന്താണമ്മേ മലയാളം*

*ഭാർഗവ രാമൻ*

*കടലിൽ തീർത്തൊരു*

*വിസ്മയമാണീ മലയാളം*

*നന്മതൻ നെറുകയിൽ*

*പൂർവികർ തീർത്തൊരു*

*പുണ്യമാണുണ്ണീ മലയാളം*

*ഭാഷതൻ മുത്തച്ഛൻ*

*പാടിപ്പഠിപ്പിച്ച*

*പദങ്ങളാണുണ്ണീ മലയാളം*

*മണ്ണിന്റെ നെറുകയിൽ*

*പൊൻവിളക്കായെന്നും*

*തിളങ്ങും പ്രഭയാണുണ്ണീ മലയാളം*



*ARJUN DILEEP*

# തുമ്പിയും തുമ്പയും

കുട്ടുകൂടി

തെറ്റിയുംമുല്ലയും

നൃത്തമാടി.

പുള്ളിക്കുയിലമ്മ

പാട്ടുപാടി

കുക്കു.. കുക്കു..

കുക്കുക്കു...

കാകനുംമക്കളും

ഏറ്റുപാടീ

കാകാ...കാകാ...

കാകാകാ

കൂമനുംമക്കളും

നീട്ടിമൂളീ

ങൂഹ്ഹ..ങൂഹ്ഹ..

ങൂഹ്ഹഹ്ഹ...

അണ്ണാറക്കണ്ണൻമാർഏറ്റുപാടീചിൽചരിൽ..ചിൽചരില്

തുമ്പിയും തുമ്പയും

കൂട്ടുകൂടി

തെറ്റിയുംമുല്ലയും

നൃത്തമാടി.

പുള്ളിക്കുയിലമ്മ

പാട്ടുപാടി

കൂകൂ.. കൂകൂ..

കൂകൂകൂ...

കാകനുംമക്കളും

ഏറ്റുപാടീ

കാകാ...കാകാ...

കാകാകാ

കൂമനുംമക്കളും

നീട്ടിമൂളീ

ഞൂഹ്ഹ..ഞൂഹ്ഹ..

ഞൂഹ്ഹഹ്ഹ...

അണ്ണാറക്കണ്ണൻമാർഏറ്റുപാടീചിൽചരിൽ..ചിൽചരില്



# പൂവ്

പൂവേ പൂവേ കൊഴിയല്ലേ പൂന്തെന്നലു

വന്നു വിളിച്ചാൽ പോവല്ലേ

പുലരി പുതു മഴയിൽ ഇതളു പൊഴിക്കല്ലേ

ഒരിതളും നീ പൊഴിക്കല്ലേ

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ

ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ

നിന്നെ കാണാനെന്നും കൊതിയാണേ

എനിക്കു നിന്നെ കാണാനെന്നും



# ഇടിയായി

കുടമാളൂരൊരു കടയിൽ നിന്നും

തടിയൻമാർ ചിലരടികൂടി

അടിപിടികൂടിയ തടിയൻമാരെ

പോലീസെത്തി പിടികൂടി

തടവിൽ പാർപിച്ചവരുടെ തടിയിൽ

തടികേടാക്കാനിടിയായി



# THANK YOU